## ആലപ്പുഴയിൽ മുഖ്യമന്ത്രിയുടെ ജനസമ്പർക്കപരിപാടി തുടങ്ങി;

# ഒരാളുടെ പരാതി പോലും പരിഗണിക്കപ്പെടാതെ പോകരുത്-മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി

പൊതുജനങ്ങളുടെ എല്ലാ പരാതികൾക്കും പെട്ടെന്നു പരിഹാരം കാണാൻ സാധിച്ചില്ലെങ്കിലും ഒരാളുടെ പരാതി പോലും പരിഗണിക്കപ്പെടാതെ പോകരുതെന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പറഞ്ഞു. ആലപ്പുഴ ഇ.എം.എസ്. സ്റ്റേഡിയത്തിൽ, ജനസമ്പർക്കപരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പരിപാടിക്കെത്തിയ എല്ലാവരുടെയും പരാതി കേട്ട്, ഉചിതമായ പരിഹാരനടപടി സ്വീകരിച്ചിട്ടേ വേദി വിട്ടുപോകുകയുള്ളൂ എന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

ജനസമ്പർക്കപരിപാടിയുടെ വിജയം ജനപങ്കാളിത്തവും സർക്കാരിന്റെയും ഉദ്യോഗസ്ഥരുടെയും ജനങ്ങളുടെയും കൂട്ടായ്മയാണെന്നും നാടിനു വേണ്ടി കൂടുതൽ കാര്യങ്ങൾ ചെയ്യാൻ ഈ കൂട്ടായ്മ കരുത്തു നൽകുന്നുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു. രണ്ടു കാര്യങ്ങളിൽ സർക്കാരിനു നിഷ്കർഷയുണ്ട്. ഒന്ന്-ആരുടെയും പരാതി അവഗണിക്കരുത്. രണ്ട്- ഏതു പരാതിയും പോസിറ്റീവായി കാണുകയും അനുഭാവപൂർവ്വം പരിഗണിക്കുകയും ചെയ്യണം.

ജനസമ്പർക്കപരിപാടിയിൽ സ്വീകരിക്കുന്ന നടപടികളും തുടർനടപടികളും ശരിയായ രീതിയിൽ നടക്കുന്നുവെന്ന് ഉറപ്പുവരുത്താൻ നിരന്തരനിരീക്ഷണസംവിധാനം ഉണ്ടാക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. 14 ജില്ലകളിലെയും പരിപാടി കഴിഞ്ഞതിനു ശേഷമായിരിക്കും ഇത്. ജനസമ്പർക്കപരിപാടിയിലൂടെ കിട്ടുന്ന അനുഭവസമ്പത്ത് കൂടുതൽ ക്ഷേമ-വികസനോന്മുഖപ്രവർത്തനങ്ങൾ നടത്താൻ പ്രയോജനപ്പെടുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

സർക്കാർ കാര്യങ്ങൾ നടക്കാതെ വരുമ്പോൾ ഉദ്യോഗസ്ഥരെ പഴിചാരി രക്ഷപ്പെടാൻ പലരും ശ്രമിക്കാറുണ്ട്. എന്നാൽ തടസ്സങ്ങൾ നീക്കി, കാര്യങ്ങൾ ചെയ്യാൻ അവസരമുണ്ടാക്കിക്കൊടുക്കേണ്ടത് ഭരണനേതൃത്വമാണ്. എവിടെയൊക്കെയാണ് പൊളിച്ചെഴുത്തു വേണ്ടത്, എവിടെയൊക്കെയാണ് മാറ്റങ്ങൾ വേണ്ടത് എന്നു പരിശോധിക്കും. ചിലപ്പോൾ നടപടിക്രമങ്ങൾ മാറ്റേണ്ടിവരും; ചിലപ്പോൾ പുതിയസമീപനരീതിയോ നിയമനിർമ്മാണമോ വേണ്ടിവരും.- മുഖ്യമന്ത്രി പറഞ്ഞു.

ചടങ്ങിൽ കേന്ദ്ര ഊർജ്ജസഹമന്ത്രി കെ.സി. വേണുഗോപാൽ, സംസ്ഥാനവനം-കായിക-സിനിമ വകുപ്പു മന്ത്രി കെ.ബി. ഗണേഷ് കുമാർ, കൊടിക്കുന്നിൽ സുരേഷ് എം.പി., എംഎൽ.എ.മാരായ പി.സി. വിഷ്ണുനാഥ്, ഡോ. ടി.എം. തോമസ് ഐസക്, തോമസ് ചാണ്ടി, സി.കെ. സദാശിവൻ, പി. തിലോത്തമൻ, എ.എം. ആരിഫ്, ജില്ലാ കളക്ടർ സൗരഭ് ജെയിൻ, നഗരസഭാധ്യക്ഷ മേഴ്സി ഡയാന മാസിഡോ, മുൻ എം.എൽ.എ. എ.എ. ഷുക്കൂർ, മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറി കെ.എസ്. വാസുദേവശർമ്മ, ത്രിതലപഞ്ചായത്ത് ജനപ്രതിനിധികൾ, രാഷ്ട്രീയകക്ഷി നേതാക്കൾ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.